**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3905** **06-08-2021 - ൽ മറുപടിയ്ക്ക്**

**രാമപുരം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള രാമപുരം കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | മലങ്കര ഡാം സ്രോതസ്സായി രാമപുരം, മേലുകാവ്, കടനാട് പഞ്ചായത്തുകൾക്കായി 65.45 കോടി രൂപയുടെ ഭരണാനുമതി 2012-ൽ സ്റ്റേറ്റ് പ്ലാനിൽ നൽകിയിരുന്നു. 17 mld ശുദ്ധീകരണശാലയ്ക്കുള്ള പദ്ധതിക്കാണ് അനുമതി നൽകിയത്. ഇതു പ്രകാരം സാങ്കേതിക അനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിയ്ക്കുകയും ചെയ്തെങ്കിലും, 9സമീപ പഞ്ചായത്തുകളും ഈരാറ്റുപേട്ട നഗരസഭയും ഉൾപ്പെടുത്തി പദ്ധതി 28 mld ശുദ്ധീകരണ ശാലയുടേതാക്കുവാൻ പിന്നീട് തീരുമാനിച്ചതിനാൽ ടെണ്ടർ നടപടികൾ നിർത്തിവച്ചു. പാലാ മണ്ഡലത്തിലെ രാമപുരം, കടനാട്, മേലുകാവ്, മൂന്നിലവ്, തലനാട്, തലപ്പാലം, ഭരണങ്ങാനം, മീനച്ചിൽ ഗ്രാമ പഞ്ചായത്തുകൾക്കു കൂടി പ്രയോജനം ലഭിക്കത്തക്കവിധത്തിൽ മലങ്കര ഡാം സ്രോതസ്സാക്കി ഒരു ബൃഹത് കുടിവെള്ള പദ്ധതി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കരൂർ പഞ്ചായത്തിനായി മീനച്ചിലാറ് സ്രോതസ്സായി പരിഗണിച്ച് മറ്റൊരു ശുദ്ധജലവിതരണ പദ്ധതിയും കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നതേയുള്ളൂ. എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയതിനു ശേഷമേ പദ്ധതി നിർവ്വഹണവും/ പൂർത്തീകരണവും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാകൂ. |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നതേയുള്ളൂ. എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയതിനു ശേഷമേ പദ്ധതി നിർവ്വഹണവും/ പൂർത്തീകരണവും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാകൂ. |

സെക്ഷൻ ഓഫീസർ